**മധുരമായ കുട്ടികളെ – നിങ്ങൾക്ക് സദാ ഓർമ്മയുടെ തൂക്കുകയറിൽ തൂങ്ങിക്കിടക്കണം, ഓർമ്മയിലൂടെ മാത്രമെ ആത്മാവ് സത്യമായ സ്വർണ്ണമായി മാറുകയുള്ളൂ.**

**ചോദ്യം** : ഏതൊരു ബലമാണ് ക്രിമിനൽ ദൃഷ്ടിയെ ഉടൻ പരിവർത്തനപ്പെടുത്തുന്നത്?
**ഉത്തരം** : ആത്മാവിൽ ജ്ഞാനത്തിന്റെ മൂന്നാം നേത്രത്തിന്റെ ബലം വന്നുചേരുമ്പോൾ ക്രിമിനൽ സ്വഭാവം(വികാരി ദൃഷ്ടി) ഇല്ലാതാകുന്നു. ബാബയുടെ ശ്രീമത്താണ്– കുട്ടികളെ നിങ്ങളെല്ലാവരും പരസ്പരം സഹോദര– സഹോദരന്മാരാണ്, സഹോദരീ– സഹോദരന്മാരാണ്, നിങ്ങളുടെ കണ്ണുകൾ ഒരിക്കലും ക്രിമിനലാകാൻ പാടില്ല. നിങ്ങൾ സദാ ഓർമ്മയുടെ ലഹരിയിൽ ഇരിക്കൂ. ആഹാ! ഭാഗ്യം ആഹാ! നമ്മളെ ഭഗവാനാണ് പഠിപ്പിക്കുന്നത്. ഇങ്ങനെ ചിന്തിക്കൂ എന്നാൽ ലഹരി വർദ്ധിച്ചുകൊണ്ടേയിരിക്കും.

**ഓം ശാന്തി**. മധുര– മധുരമായ ആത്മീയ കുട്ടികളെ പ്രതി ആത്മീയ അച്ഛൻ മനസ്സിലാക്കി തരികയാണ്. കുട്ടികൾക്കറിയാം ആത്മീയ അച്ഛനും ആത്മാവുതന്നെയാണ്, ബാബ പരിപൂർണ്ണനാണ്, ഒരു തരത്തിലുള്ള തുരുമ്പും(കറ)പുരണ്ടിട്ടില്ല. ശിവബാബ പറയുമോ എന്നിൽ തുരുമ്പുണ്ടെന്ന്? ഒരിക്കലുമില്ല. ഈ ദാദയിലാണെങ്കിൽ പൂർണ്ണമായും തുരുമ്പായിരുന്നു. ഈ ബ്രഹ്മാവിൽ ബാബ പ്രവേശിച്ചിരിക്കുകയാണ് അപ്പോൾ സഹായവും ലഭിക്കുന്നു. 5 വികാരങ്ങൾ കാരണം ആത്മാവിൽ കറ പുരണ്ടതോടെ അപവിത്രമായി മാറിക്കഴിഞ്ഞു എന്നതാണ് മുഖ്യമായ കാര്യം. അതിനാൽ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ, കറ ഇളകികൊണ്ടേയിരിക്കും. ഭക്തിമാർഗ്ഗത്തിലെ കഥകളാണെങ്കിൽ ജന്മ–ജന്മാന്തരങ്ങളായി കേട്ടുകൊണ്ടുവന്നു. ഈ കാര്യമേ വേറിട്ടതാണ്. നിങ്ങൾക്കിപ്പോൾ ജ്ഞാനസാഗരനിൽ നിന്നും ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ബുദ്ധിയിൽ ലക്ഷ്യമുണ്ട് ബാക്കി ഒരു സത്സംഗം മുതലായവയിലും ലക്ഷ്യബോധമില്ല. ഡ്രാമയുടെ പദ്ധതിയനുസരിച്ച് ഈശ്വരൻ സർവ്വവ്യാപിയാണെന്നു പറഞ്ഞ് ഗ്ലാനി ചെയ്തുകൊണ്ടെയിരിക്കുന്നു. ഇത് നാടകമാണെന്നു പോലും മനുഷ്യർ മനസ്സിലാക്കുന്നില്ല. ഇതിൽ രചയിതാവും സംവിധായകനുമാകുന്ന ബാബ പോലും ഡ്രാമക്ക് വശപ്പെട്ടിരിക്കുകയാണ്. ഒരുപക്ഷെ സർവ്വശക്തിവാൻ എന്നൊക്കെ മഹിമ പാടാറുണ്ട് – എന്നാൽ നിങ്ങൾക്കറിയാം ബാബയും ഡ്രാമയുടെ പാളത്തിലൂടെയാണ് സഞ്ചരിക്കുന്നത്. ബാബ സ്വയം വന്ന് നിങ്ങൾക്ക് മനസസിലാക്കി തരുന്നു, പറയുകയാണ് എന്റെ ആത്മാവിൽ അവിനാശിയായ പാർട്ട് അടങ്ങിയിട്ടുണ്ട് അതിനനുസരിച്ചാണ് പഠിപ്പിക്കുന്നത്. എന്തെല്ലാമാണോ മനസ്സിലാക്കി തരുന്നത്, അതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ നിങ്ങൾക്ക് ഈ പുരുഷോത്തമ സംഗമയുഗത്തിൽ പുരുഷോത്തമനായി മാറണം. ഭഗവാന്റെ വാക്കുകളല്ലെ. ബാബ പറയുകയാണ് കുട്ടികളെ നിങ്ങൾ കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്ത് ഈ ലക്ഷ്മീ–നാരായണനായി മാറണം. നിങ്ങൾക്ക് വിശ്വത്തിന്റെ അധികാരിയായി മാറണം എന്നിങ്ങനെ ഒരു മനുഷ്യനും പറയാൻ സാധിക്കില്ല. നിങ്ങൾക്കറിയാം നമ്മൾ വന്നിരിക്കുന്നതു തന്നെ വിശ്വത്തിന്റെ അധികാരി, നരനിൽ നിന്ന് നാരായണനായി മാറാനാണ്. ഭക്തിമാർഗ്ഗത്തിലാണെങ്കിൽ ജന്മ–ജന്മാന്തരങ്ങളായി കഥകൾ കേട്ടു വരുമായിരുന്നു. ഒരു വിവേകവുമില്ലായിരുന്നു. ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്– വാസ്തവത്തിൽ ഈ ലക്ഷ്മീ–നാരായണന്റെ രാജ്യം സ്വർഗ്ഗത്തിലായിരുന്നു, ഇപ്പോൾ ഇല്ല. ത്രിമൂർത്തികളെക്കുറിച്ചും മനസ്സിലാക്കി തന്നിട്ടുണ്ട്. ബ്രഹ്മാവിലൂടെ ആദി– സനാതന– ദേവി ദേവതാ ധർമ്മത്തിന്റെ സ്ഥാപനയുണ്ടാകുന്നു. സത്യയുഗത്തിൽ ഈ ഒരു ധർമ്മമായിരുന്നു, മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. ഇപ്പോൾ ആ ധർമ്മം ഇല്ല, വീണ്ടും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു ഞാൻ കല്പ–കല്പത്തിലെ സംഗമയുഗത്തിൽ വന്ന് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു. ഇത് പാഠശാലയല്ലെ. ഇവിടെ കുട്ടികൾക്ക് സ്വഭാവത്തെയും നല്ലതാക്കണം. 5 വികാരങ്ങളെയും ഇല്ലാതാക്കണം. നിങ്ങൾ തന്നെയാണ് ദേവതകളുടെ മുന്നിൽ ചെന്ന് പാടിയിരുന്നത്– അങ്ങ് സർവ്വഗുണ സമ്പന്നരാണ്........ഞങ്ങൾ നീചരും പാപികളുമാണെന്ന്. ഭാരതവാസികൾ തന്നെയായിരിന്നു ദേവതകൾ. സത്യയുഗത്തിൽ ഈ ലക്ഷ്മീ– നാരായണൻമാർ പൂജ്യരായിരുന്നു പിന്നീട് കലിയുഗത്തിൽ പൂജാരിയായി മാറി. ഇപ്പോൾ വീണ്ടും പൂജ്യരായി മാറുകയാണ്, പൂജ്യരും സതോപ്രധാനവുമായ ആത്മാക്കളായിരുന്നു. അവരുടെ ശരീരവും സതോപ്രധാനമായിരുന്നു. ഏതുപോലെയാണോ ആത്മാവ് അതുപോലെയാണ് ആഭരണം (ശരീരം). സ്വർണ്ണത്തിൽ കലർപ്പ് ചേർക്കാറുണ്ട് അപ്പോൾ അതിന്റെ മൂല്യം എത്രയാണ് കുറഞ്ഞു പോകുന്നത്. നിങ്ങളുടെയും ഭാവം വളരെ ഉയർന്നതായിരുന്നു. ഇപ്പോൾ ഭാവം എത്ര കുറഞ്ഞു പോയിരിക്കുന്നു. നിങ്ങൾ പൂജ്യരായിരുന്നു, ഇപ്പോൾ പൂജാരിയായി മാറി. ഇപ്പോൾ എത്ര യോഗത്തിലിരിക്കുന്നുവോ അത്രത്തോളം കറ ഇളകും ഒപ്പം

ബാബയോട് സ്നേഹം ഉണ്ടായിക്കൊണ്ടേയിരിക്കും, സന്തോഷവും ഉണ്ടായിരിക്കും. ബാബ സ്പഷ്ടമായി പറയുകയാണ്– കുട്ടികളെ, ചാർട്ട് വെക്കൂ മുഴുവൻ ദിവസം നമ്മൾ എത്ര സമയം ഓർമ്മയിലിരിക്കുന്നുണ്ട്. ഓർമ്മയുടെ യാത്ര, എന്ന വാക്ക് ശരിയാണ്. ഓർമ്മിച്ചോർമ്മിച്ച് കറ ഇളകി– ഇളകി അന്ത് മതി സോ ഗതി ആകും. ആ വഴികാട്ടികളാണെങ്കിൽ യാത്രക്കെല്ലാം കൊണ്ടുപോകാറുണ്ട്. ഇവിടെയാണെങ്കിൽ ആത്മാവ് സ്വയം തന്നെ യാത്ര ചെയ്യുന്നു. തന്റെ പരംധാമത്തിലേക്ക് തിരിച്ചുപോകണം എന്തുകൊണ്ടെന്നാൽ ഡ്രാമയുടെ ചക്രം ഇപ്പോൾ പൂർത്തിയാവുകയാണ്. ഇത് വളരെ മോശമായ ലോകമാണ് എന്നത് നിങ്ങൾക്കറിയാം. പരമാത്മാവിനെയാണെങ്കിൽ ആർക്കും അറിയില്ല, അറിയാനും പോകുന്നില്ല അതുകൊണ്ടാണ് വിനാശ കാലെ വിപരീത ബുദ്ധിയെന്ന് പറയുന്നത്. അവരെ സംബന്ധിച്ച് ഈ നരകം തന്നെ സ്വർഗ്ഗത്തിനു സമാനമാണ്. അവരുടെ ബുദ്ധിയിൽ ഈ കാര്യങ്ങൾ ഇരിക്കാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾക്ക് ഇതെല്ലാം വിചാര സാഗര മഥനം ചെയ്യുന്നതിനുവേണ്ടി ഒരുപാട് ഏകാന്തത വേണം. നമ്മൾ ജീവാത്മാക്കളെ പരമാത്മാവ് പഠിപ്പിക്കുകയാണ്. കല്പം മുമ്പും ഇങ്ങനെ പഠിപ്പിച്ചിരുന്നു. കൃഷ്ണന്റെ കാര്യമല്ല. കൃഷ്ണനാണെങ്കിൽ ചെറിയ കുട്ടിയായിരുന്നു. കൃഷ്ണൻ വെറും ആത്മാവും, ഇത് പരമാത്മാവും. ആദ്യത്തെ നമ്പറിലെ ആത്മാവായ ശ്രീകൃഷ്ണൻ തന്നെയാണ് പിന്നീട് അവസാനത്തെ നമ്പറിൽ വന്നിരിക്കുന്നത്. അപ്പോൾ പേരും വേറെയായി. ഒരുപാടു ജന്മങ്ങളുടെ അവസാനത്തെ ജന്മത്തിൽ പേരും വേറെയായിരിക്കില്ലെ. പറയുകയാണ് ഇത് ദാദാ ലേഖരാജാണെന്ന്. ഇത് ഒരുപാടു ജന്മങ്ങളുടെയും അവസാനത്തെ ജന്മമാണ്. പറയുകയാണ് ഞാൻ ഇവരിൽ പ്രവേശിച്ച് നിങ്ങളെ രാജയോഗം പഠിപ്പിക്കുകയാണ്. ബാബ ആരിലെങ്കിലും വരുമല്ലോ. ഈ കാര്യങ്ങളൊന്നും ശാസ്ത്രങ്ങളിലില്ല. ബാബ നിങ്ങൾ കുട്ടികളെയാണ് പഠിപ്പിക്കുന്നത്, നിങ്ങൾ തന്നെയാണ് പഠിക്കുന്നത്. പിന്നീട് സത്യയുഗത്തിൽ ഈ ജ്ഞാനമുണ്ടാകില്ല. അവിടെയുള്ളത് പ്രാപ്തിയാണ്. ബാബ സംഗമയുഗത്തിൽ വന്ന് ഈ ജ്ഞാനം കേൾപ്പിക്കുകയാണ് പിന്നീട് നിങ്ങൾ പദവി പ്രാപ്തമാക്കുന്നു. ഈ സമയം തന്നെ പരിധിയില്ലാത്ത ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് പ്രാപ്തമാക്കാനാണ് അതിനാൽ കുട്ടികൾക്ക് അശ്രദ്ധ കാണിക്കാൻ പാടില്ല. മായ ഒരുപാട് അശ്രദ്ധയിൽ കൊണ്ടുവരുന്നു പിന്നീട് മനസ്സിലാക്കാൻ സാധിക്കും അവരുടെ ഭാഗ്യത്തിലില്ല എന്ന്. ബാബയാണെങ്കിൽ ഭാഗ്യം ഉണ്ടാക്കി തരുകയാണ്. ഭാഗ്യത്തിൽ എത്ര വ്യത്യാസമുണ്ടാകുന്നു. ചിലർ പാസാകും, ചിലർ തോറ്റുപോകും. ഇരട്ട കിരീടധാരികളായി മാറണമെങ്കിൽ പുരുഷാർത്ഥം ചെയ്യേണ്ടി വരും.

ബാബ പറയുന്നു ഗൃഹസ്ഥ വ്യവഹാരത്തിൽ ജീവിച്ചോളൂ. ലൗകിക അച്ഛന്റെ ബാദ്ധ്യതകളും കുട്ടികൾക്ക് നിറവേറ്റണം. നിയമമനുസരിച്ച് നടക്കണം. ഇവിടെയാണെങ്കിൽ എല്ലാം നിയമമില്ലാതെയാണ് പോകുന്നത്. നിങ്ങൾക്കറിയാം നമ്മൾ തന്നെയാണ് ഇത്രയും ഉയർന്നവരും പവിത്രവുമായിരുന്നത്, പിന്നീട് താഴോട്ട് വീണു. ഇപ്പോൾ വീണ്ടും പവിത്രമായി മാറണം. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ എല്ലാവരും ബ്രഹ്മാകുമാരൻമാരും ബ്രഹ്മാകുമാരിമാരുമാണെങ്കിൽ ക്രിമിനൽ ദൃഷ്ടിയുണ്ടാകാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ നിങ്ങൾ സഹോദരീ– സഹോദരൻമാരായി മാറിയില്ലെ. ഇത് ബാബ യുക്തി പറഞ്ഞു തരുകയാണ്. നിങ്ങളെല്ലാവരും ബാബ –ബാബ എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു അപ്പോൾ സഹോദരീ– സഹോദരൻമാരായി മാറി. ഭഗവാനെ എല്ലാവരും അച്ഛാ എന്നാണല്ലോ വിളിക്കുന്നത്. ആത്മാക്കളാണ് പറയുന്നത് നമ്മൾ ശിവബാബയുടെ കുട്ടികളാണ്. പിന്നീട് ശരീരത്തിൽ സഹോദരീ–സഹോദരൻമാരായി മാറിക്കഴിഞ്ഞു. പിന്നീട് എന്തിനാണ് നമ്മളുടെ ദൃഷ്ടി ക്രിമിനലായി മാറുന്നത്. നിങ്ങൾക്ക് വലിയ – വലിയ സഭകളിൽ ഇത് മനസ്സിലാക്കികൊടുക്കാൻ സാധിക്കും. നിങ്ങളെല്ലാവരും സഹോദര– സഹോദരൻമാരാണ് പിന്നീട് പ്രജാപിതാ ബ്രഹ്മാവിലൂടെ രചനകളെ രചിച്ചു, അപ്പോൾ സഹോദരീ– സഹോദരൻമാരായി മാറി, വേറെ ഒരു ബന്ധവുമില്ല. നമ്മളെല്ലാവരും ഒരു ബാബയുടെ കുട്ടികളാണ്. ഒരു ബാബയുടെ കുട്ടികൾക്ക് വികാരത്തിലേക്കെങ്ങനെ പോകാൻ സാധിക്കും. സഹോദര–സഹോദരനാണ് എന്നാൽ സഹോദരീ– സഹോദരനും കൂടിയാണ്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഈ കണ്ണുകൾ ഒരുപാട് ചതിക്കുന്നതാണ്. കണ്ണുകൾക്കു തന്നെയാണ് നല്ലൊരു വസ്തു കാണുമ്പോൾ ആഗ്രഹമുണ്ടാകുന്നത്. അഥവാ കണ്ണുകൾ കാണുന്നില്ലെങ്കിൽ ആഗ്രഹങ്ങളും ഉണ്ടാകില്ല. ഈ ക്രിമിനൽ കണ്ണുകളെ പരിവർത്തനപ്പെടുത്തണം. സഹോദരീ–സഹോദരൻമാർക്ക് വികാരത്തിൽ പോകാൻ സാധിക്കില്ല. ആ ദൃഷ്ടി തന്നെ ഇല്ലാതാക്കണം. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രത്തിന്റെ ബലം വേണം. പകുതി കല്പം ഈ കണ്ണുകൾ കൊണ്ടാണ് കർമ്മം ചെയ്തത്, ഇപ്പോൾ ബാബ പറയുന്നു ഈ കറയെല്ലാം ഇളകുന്നതെങ്ങനെയാണ്? നമ്മൾ ആത്മാക്കൾ പവിത്രമായിരുന്നു, അതിൽ കറ പുരണ്ടിരിക്കുകയാണ്. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ടോ അത്രത്തോളം ബാബയോട് സ്നേഹം ഉണ്ടാകും. പഠിപ്പിലൂടെയല്ല, ഓർമ്മയിലൂടെയാണ് സ്നേഹമുണ്ടാകുന്നത്. പ്രാചീന യോഗം ഭാരതത്തിന്റെ തന്നെയാണ്, ഏതിലൂടെയാണോ ആത്മാവ് പവിത്രമായി മാറി തന്റെ ധാമത്തിലേക്ക് പോകുന്നത്. എല്ലാ സഹോദരൻമാർക്കും ബാബയുടെ പരിചയം നൽകണം. സർവ്വവ്യാപിയുടെ ജ്ഞാനത്താൽ വളരെ ശക്തമായി വീഴ്ച പറ്റിയിരിക്കുകയാണ്. ഇപ്പോൾ

ബാബ പറയുന്നു – ഡ്രാമയനുസരിച്ച് നിങ്ങളുടെ പാർട്ടാണ്. തീർച്ചയായും രാജധാനി സ്ഥാപിക്കപ്പെടണം. എത്രത്തോളം കല്പം മുമ്പ് പുരുഷാർത്ഥം ചെയ്തിട്ടുണ്ടോ, അത്ര തന്നെ അവർ തീർച്ചയായും ചെയ്യും. നിങ്ങൾ സാക്ഷിയായി കണ്ടുകൊണ്ടേയിരിക്കും. ഈ പ്രദർശിനികൾ മുതലായവ ഒരുപാട് കണ്ടുകൊണ്ടേയിരിക്കും. നിങ്ങളുടേത് ഈശ്വരീയ മിഷനാണ് (ദൗത്യം). ഇതാണ് നിരാകാരനായ ഈശ്വരന്റെ മിഷൻ. അതാണ് ക്രിസ്ത്യൻ മിഷൻ, ബൗദ്ധികളുടെ മിഷൻ. ഇതാണ് നിരാകാരനായ ഈശ്വരന്റെ മിഷൻ. നിരാകാരനാണെങ്കിൽ തീർച്ചയായും ഒരു ശരീരത്തിലല്ലേ വരുകയുള്ളൂ. നിങ്ങളും നിരാകാരനായ ആത്മാക്കൾ എന്റെ കൂടെ വസിക്കുന്നവരായിരിക്കുമല്ലോ. ഈ ഡ്രാമ എങ്ങനെയുള്ളതാണ്? ഇതാരുടെയും ബുദ്ധിയിലില്ല. രാവണരാജ്യത്തിൽ എല്ലാവരുടെയും ബുദ്ധി വിപരീതമായിരിക്കുകയാണ്. ഇപ്പോൾ ബാബയോട് പ്രീതി വെക്കണം. നിങ്ങളുടെ പ്രതിജ്ഞയാണ് എനിക്കാണെങ്കിൽ ഒന്നല്ലാതെ മറ്റൊന്നില്ല. നഷ്ടോമോഹയായി മാറണം. വളരെയധികം പരിശ്രമമുണ്ട്. ഇത് തൂക്കുകയറിൽ തൂങ്ങുന്നതിനു തുല്യമാണ്. ബാബയെ ഓർമ്മിക്കുക എന്നാൽ തൂക്കുകയറിൽ തൂങ്ങുക ശരീരത്തെ മറന്ന് ആത്മാവിനാണ് ബാബയുടെ ഓർമ്മയിൽ ഇരിക്കേണ്ടത്. ബാബയുടെ ഓർമ്മ വളരെ അത്യാവശ്യമാണ്. ഇല്ലെങ്കിൽ കറയെങ്ങനെ ഇല്ലാതാകും? കുട്ടികളുടെ ഉള്ളിൽ സന്തോഷം ഉണ്ടാകണം– ശിവബാബ നമ്മളെ പഠിപ്പിക്കുകയാണ്. ആരെങ്കിലും കേൾക്കുകയാണെങ്കിൽ പറയും ഇവരിതെന്താണ് പറയുന്നതെന്ന് എന്തുകൊണ്ടെന്നാൽ അവർ കൃഷ്ണനെയാണ് ഭഗവാൻ എന്ന് മനസ്സിലാക്കുന്നത്.

നിങ്ങൾ കുട്ടികൾക്കാണെങ്കിൽ ഇപ്പോൾ വളരെ സന്തോഷമുണ്ടാകുന്നുണ്ട് നമ്മളിപ്പോൾ കൃഷ്ണന്റെ രാജധാനിയിൽ പോകുകയാണ്. നമ്മൾക്കും രാജകുമാരനും– രാജകുമാരിയുമായി മാറാൻ സാധിക്കും. കൃഷ്ണനാണ് ആദ്യത്തെ രാജകുമാരൻ. പുതിയ കെട്ടിടത്തിൽ(സ്വർഗ്ഗം) വസിക്കുന്നു. പിന്നീട് ജന്മമെടുക്കുന്ന കുട്ടികളെല്ലാം വൈകീട്ടല്ലെ വന്നത്. സ്വർഗ്ഗത്തിൽ തന്നെയാണ് ജന്മുണ്ടായിരിക്കുക. നിങ്ങൾക്കും സ്വർഗ്ഗത്തിൽ രാജകുമാരനായി മാറാൻ സാധിക്കും, എല്ലാവരൊന്നും ആദ്യത്തെ നമ്പറിൽ വരില്ല. നമ്പർവൈസല്ലെ മാലയുണ്ടാകുകയുള്ളൂ. ബാബ പറയുന്നു – കുട്ടികളെ ഒരുപാട് പുരുഷാർത്ഥം ചെയ്യൂ. ഇവിടെ നിങ്ങൾ വന്നിരിക്കുന്നത് നരനിൽ നിന്ന് നാരായണനായി മാറുന്നതിനുവേണ്ടിയാണ്. കഥയും സത്യനാരായണന്റേതാണ്. സത്യമായ ലക്ഷ്മിയുടെ കഥ ഒരിക്കലും കേട്ടിട്ടുണ്ടാകില്ല. എല്ലാവർക്കും സ്നേഹവും കൃഷ്ണനോടാണ്. കൃഷ്ണനെ തന്നെയാണ് ഊഞ്ഞാലിൽ ആട്ടുന്നത്. രാധയെ എന്തുകൊണ്ടില്ല? ഡ്രാമയുടെ പദ്ധതിയനുസരിച്ച് കൃഷ്ണന്റെ പേരാണ് പറയുന്നത്. നിങ്ങളുടെ കൂട്ട് രാധയാണ് എന്നാലും സ്നേഹം കൃഷ്ണനോടാണ്. അവരുടെ ഡ്രാമയിലെ പാർട്ടും അങ്ങനെയാണ്. കുട്ടികൾ എപ്പോഴും സ്നേഹികളായിരിക്കും. ബാബ കുട്ടികളെ കണ്ട് എത്രയാണ് സന്തോഷിക്കുന്നത്. ആൺകുട്ടിയുണ്ടാകുമ്പോൾ സന്തോഷമുണ്ടാകും, പെൺകുട്ടിയുണ്ടാകുകയാണെങ്കിൽ കോട്ടുവായിട്ടുകൊണ്ടിരിക്കും. ചിലരാണെങ്കിൽ വധിക്കുകയും ചെയ്യുന്നു. രാവണന്റെ രാജ്യത്തിൽ സ്വഭാവങ്ങൾക്കെത്ര വ്യത്യാസമാണ്. പാടുന്നുമുണ്ട്– അങ്ങ് സർവ്വഗുണ സമ്പന്നനാണ്, ഞങ്ങൾ നിർഗുണരാണ്. ഇപ്പോൾ ബാബ പറയുകയാണ് ഇങ്ങനെ വീണ്ടും ഗുണവാനായി മാറൂ. ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ഒരുപാടു തവണ ഈ വിശ്വത്തിലെ അധികാരിയായി മാറിയിട്ടുണ്ട്. ഇപ്പോൾ വീണ്ടും ആയി മാറണം. കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടാകണം. ഓഹോ! ശിവബാബ നമ്മളെ പഠിപ്പിക്കുകയാണ്. ഇതു തന്നെ ഇരുന്ന് ചിന്തിക്കൂ. ഭഗവാൻ നമ്മളെ പഠിപ്പിക്കുന്നു, ആഹാ ഭാഗ്യം ആഹാ! ഇങ്ങനെ– ഇങ്ങനെ ചിന്തിച്ച് ലഹരിയുള്ളവരായി മാറണം. ആഹാ ഭാഗ്യം ആഹാ! പരിധിയില്ലാത്ത ബാബയെ നമുക്ക് ലഭിച്ചിരിക്കുകയാണ്, നമ്മൾ ബാബയെ തന്നെയാണ് ഓർമ്മിക്കുന്നത്. പവിത്രത ധാരണ ചെയ്യണം. നമ്മൾ ഇങ്ങനെയായി മാറുന്നു, ദൈവീക ഗുണങ്ങളെ ധാരണ ചെയ്യുന്നു. ഇതും മൻമനാഭവയാണല്ലോ. ബാബ നമ്മളെ ഇതാക്കി മാറ്റുന്നു. ഇതാണെങ്കിൽ പ്രത്യക്ഷത്തിലുള്ള അനുഭവത്തിന്റെ കാര്യമാണ്.

ബാബ മധുര– മധുരമായ കുട്ടികൾക്ക് നിർദേശം നൽകുകയാണ്– ചാർട്ട് എഴുതൂ പിന്നീട് ഇങ്ങനെ ഏകാന്തമായി ഇരുന്ന് സ്വയത്തോട് സംസാരിക്കൂ. ഈ ബേഡ്ജ് ധരിച്ചിരിക്കൂ. നമ്മൾ ഇതായി ( ലക്ഷ്മീ – നാരായണൻ) മാറാൻ പോകുന്നത് ഭഗവാന്റെ ശ്രീമത്തിലൂടെയാണ്. ഈ ലക്ഷ്മീ– നാരായണനെ കണ്ട് ബാബയെ സ്നേഹിച്ചുകൊണ്ടിരിക്കൂ. നമ്മൾ ബാബയുടെ ഓർമ്മയുലൂടെയാണ് ഇങ്ങനെയായി മാറാൻ പോകുന്നത്. ബാബാ അങ്ങയുടെ കാര്യം അൽഭുതകരം തന്നെയാണ്. ഞങ്ങൾക്ക് മുമ്പ് അറിയില്ലായിരുന്നില്ലല്ലോ അങ്ങ് ഞങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റും എന്ന്. രാത്രിയും– പകലുമുള്ള ഭക്തിയിൽ ദർശനത്തിനുവേണ്ടി കഴുത്ത് മുറിക്കുവാനും, പ്രാണൻ ത്യാഗം ചെയ്യേണ്ടിയും വരുന്നു അപ്പോഴാണ് ദർശനമുണ്ടാകുന്നത്. അങ്ങനെ– അങ്ങനെയുള്ള ഭക്തരുടെ മാല തന്നെയാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ഭക്തർക്ക് അംഗീകാരവുമുണ്ട്. കലിയുഗത്തിലെ ഭക്തരാണെങ്കിൽ ചക്രവർത്തി മാരെപ്പോലെയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പരിധിയില്ലാത്ത ബാബയോടാണ് പ്രീതിയുള്ളത്. ഒരു ബാബയല്ലാതെ മറ്റാരും ഓർമ്മ വരരുത്. തികച്ചും ലൈൻ ക്ലിയറായിരിക്കണം. ഇപ്പോൾ നമ്മളുടെ 84 ജന്മങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. ഇനി നമ്മൾ ബാബയുടെ ആജ്ഞയനുസരിച്ച് പൂർണ്ണമായ രീതിയിൽ

നടക്കും. കാമം മഹാശത്രുവാണ്, അതിനോട് തോൽക്കരുത്. തോറ്റു പോയിട്ട് പിന്നീട് പശ്ചാത്തപിച്ചിട്ട് എന്തു ചെയ്യാനാണ്? ഓരോ എല്ലുകളും തീർത്തും ഒടിഞ്ഞു പോകും. വളരെ കടുത്ത ശിക്ഷ ലഭിക്കും. കറ ഇളകുന്നതിനു പകരം ഒന്നു കൂടി ശക്തിയോടെ വർദ്ധിക്കുന്നു. യോഗമുണ്ടാകില്ല. ഓർമ്മയിലിരിക്കുക എന്നത് വളരെ പരിശ്രമമുള്ള കാര്യമാണ്. ഒരുപാട് പൊങ്ങച്ചവും പറയുന്നുണ്ട് - നമ്മൾ ബാബയുടെ ഓർമ്മയിലാണ് കഴിയുന്നത്. ബാബക്കറിയാം, ഇരിക്കാൻ സാധിക്കില്ല. ഇതിൽ മായയുടെ വലിയ കൊടുങ്കാറ്റ് വരുന്നു. അങ്ങനെയുള്ള സ്വപ്നങ്ങളെല്ലാം വരും, തികച്ചും ശല്യം ചെയ്യും. ജ്ഞാനമാണെങ്കിൽ വളരെ സഹജമാണ്. ഒരു ചെറിയ കുട്ടിക്കുപോലും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ബാക്കി ഓർമ്മയുടെ യാത്രയിൽ തന്നെയാണ് വളരെയധികം ബുദ്ധിമുട്ടുള്ളത്. നമ്മൾ ഒരുപാട് സേവനങ്ങൾ ചെയ്യുന്നുണ്ടെന്ന് പറഞ്ഞ് സന്തോഷിക്കരുത്. തന്റെ ഗുപ്തമായ സേവനം( ഓർമ്മയുടെ യാത്ര) ചെയ്തുകൊണ്ടേയിരിക്കൂ. ഈ ബ്രഹ്മാവിനാണെങ്കിൽ ലഹരിയുണ്ടാകുന്നുണ്ട്- ശിവബാബയുടെ കുട്ടിയായ ഞാൻ ഒറ്റക്കാണ്. ബാബ വിശ്വത്തിലെ രചയിതാവാണെങ്കിൽ തീർച്ചയായും നമ്മളും സ്വർഗ്ഗത്തിലെ അധികാരിയായി മാറും. രാജകുമാരനായി മാറാൻ പോകുകയാണ്, ഈ ആന്തരീകമായ സന്തോഷമുണ്ടാകണം. എന്നാൽ എത്രത്തോളം നിങ്ങൾ കുട്ടികൾക്ക് ഓർമ്മയിലിരിക്കാൻ സാധിക്കുന്നുണ്ടോ, അത്രത്തോളം എനിക്കില്ല (ബ്രഹ്മാബാബക്ക്). ബാബക്കാണെങ്കിൽ ഒരുപാട് കാര്യങ്ങൾ ചിന്തിക്കേണ്ടതായി വരും. ബാബ വലിയ ആളുകളുടെ സൽക്കാരം എന്തുകൊണ്ടാണ് ചെയ്യുന്നത് എന്ന് കുട്ടികൾക്ക് ഒരിക്കലും അസൂയും ഉണ്ടാകാൻ പാടില്ല. ബാബ ഓരോ കുട്ടിയുടെയും നാഡി നോക്കി അവരുടെ മംഗളത്തിനുവേണ്ടി ഓരോരുത്തരെയും അതിനനുസരിച്ച് നടത്തിക്കൊണ്ടുപോകുന്നു. ടീച്ചറിനറിയാം ഓരോ വിദ്യാർത്ഥിയെയും എങ്ങനെയാണ് കൊണ്ടുപോകേണ്ടതെന്ന്. കുട്ടികൾക്ക് ഇതിൽ സംശയം ഉന്നയിക്കാൻ പാടില്ല. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1. ഏകാന്തമായി ഇരുന്ന് സ്വയം സ്വയത്തോട് സംസാരിക്കണം. ആത്മാവിൽ പുരണ്ടിരിക്കുന്ന കറ ഇല്ലാതാക്കുന്നതിനുവേണ്ടി ഓർമ്മയുടെ യാത്രയിലിരിക്കണം.

2. ഒരു കാര്യത്തിലും സംശയം ഉന്നയിക്കരുത്, അയൂയപ്പെടരുത്. ആന്തരീകമായ സന്തോഷത്തിൽ ഇരിക്കണം. തന്റെ ഗുപ്തമായ സേവനം ചെയ്യണം.

### വരദാനം- യാചകനിൽ നിന്ന് രാജകുമാരന്റെ പാർട്ട് പ്രായോഗികമായി നടത്തുന്ന ത്യാഗിയും ശ്രേഷ്ഠഭാഗ്യശാലിയുമായ ആത്മാവായി ഭവിക്കട്ടെ.

ഭാവിയിൽ വിശ്വമഹാരാജാവ് ദാതാവാകുന്നതു പോലെ ഇപ്പോൾ മുതൽ ദാതാ സംസ്കാരം എമർജ് ചെയ്യൂ. ആരിൽ നിന്നെങ്കിലും എന്തെങ്കിലും ആശ്രയമെടുത്ത് പിന്നെ ആശ്രയം നൽകുക- ഇങ്ങനെ സങ്കൽപത്തിൽ പോലും ഉണ്ടാകരുത്. ഇതിനെയാണ് പറയുന്നത് യാചകനിൽ നിന്ന് രാജകുമാരൻ. സ്വയം എടുക്കാനുള്ള ഇച്ഛയുള്ള ആളല്ല. ഈ അൽപകാലത്തെ ഇച്ഛയിൽ നിന്ന് യാചകൻ. ഇങ്ങനെയുള്ള യാചകനാണ് സമ്പന്നമൂർത്തി. ആരാണോ ഇപ്പോൾ മുതലേ യാചകനിൽ നിന്ന് രാജകുമാരൻ എന്ന പാർട്ട് പ്രായോഗികമായി നടത്തുന്നത് അവരെയാണ് പറയുന്നത് സദാ ത്യാഗി അഥവാ ശ്രേഷ്ഠഭാഗ്യശാലി. ത്യാഗത്തിലൂടെ സദാ കാലത്തെ ഭാഗ്യം സ്വതവേ ഉണ്ടാകുന്നു.

### സ്ലോഗൻ-സദാ ഹർഷിതമായിരിക്കുന്നതിന് സാക്ഷിയുടെ സീറ്റിൽ ദൃഷ്ടാവായി കളി കാണൂ

### അവ്യക്തസൂചനകൾ: അശരീരി അഥവാ വിദേഹി സ്ഥിതിയുടെ അഭ്യാസം വർധിപ്പിക്കൂ

അശരീരിസ്ഥിതിയുടെ അനുഭവം ചെയ്യുന്നതിന് സൂക്ഷ്മസങ്കൽപരൂപത്തിലും എവിടെയും ആകർഷണമുണ്ടാകരുത്. സംബന്ധത്തിന്റെ രൂപത്തിലും സമ്പർക്കത്തിന്റെ രൂപത്തിലും അഥവാ തന്റെ ഏതെങ്കിലും വിശേഷതയുടെ നേർക്ക് എങ്കിലും ആകർഷണമുണ്ടാകരുത്. അഥവാ തന്റെ ഏതെങ്കിലും വിശേഷതയിലും ആകർഷണമുണ്ടെങ്കിൽ ആ ആകർഷണം ബന്ധന യുക്തമാക്കും, ആ ആകർഷണം അശരീരിയാകുവാൻ അനുവദിക്കുകയില്ല.